**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3729** **27-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര കെ.എസ്.ആർ.ടി.സി. വർക് ഷോപ്പ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര കെ.എസ്.ആർ.ടി.സി. വർക് ഷോപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ; | (എ) | മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിന്റെ നവീകരണത്തിനായി 90% സിവിൽ ആന്റ് ഇലക്ട്രിക് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് നാളിതുവരെ 1,23,41,760/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പിന്റെയും കെ.എസ്.ആർ.ടി.സി.യുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ? | (ബി) | മാവേലിക്കര മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടേയും, കെട്ടിടങ്ങളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. <u>റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര</u><br><br>കെ.എസ്.ആർ.ടി.സി. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിന്റെ അധീനതയിൽ 2 ഹെക്ടർ 25 ആർ പുരയിടവും കെട്ടിട നമ്പർ 14/197 മുതൽ 14/203 വരെയുള്ള 7 കെട്ടിടങ്ങളിൽ ആയി വർക്ക്ഷോപ്പ്, ഓഫീസ്, ഇൻസ്പെക്ഷൻ ബംഗ്ലാവ്, സ്റ്റോർ മുതലായവ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.<br><br>2. <u>മാവേലിക്കര കെ.എസ്ആർ.ടി.സി. ഡിപ്പോ</u><br><br>കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയുടെ അധീനതയിൽ 61.39 ആർ സ്ഥലവും കെട്ടിട നമ്പർ 553 മുതൽ 559 വരെ ഉള്ള കെട്ടിടങ്ങളിൽ സ്റ്റേഷൻ മാസ്റ്റർ ഓഫീസ്, Passenger waiting area, Public Toilet, Office Room, Vehicle Supervisor Room, Guard Room, Assistant Depot Engineer Room, Store, Rest Room, Work Shop, Yathra fuels Room എന്നിവ പ്രവർത്തിച്ച് വരുന്നു. കൂടാതെ പുതുതായി തുടങ്ങിയ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ